# MANCA POST



Quarterly Newsletter from MANCA- Malayalee Association of Northern California







**Editor's Note**

***We are pleased to present to you second edition of Manca's quarterly newsletter, "Manca Post". We wish all our readers Merry Xmas & happy holidays!. May the New Year bring a lot of joy and good cheer into your lives!***

***As the curtains fall on another eventful year, Manca Post remains committed to be the platform for our community to connect. We earnestly urge our readers to make this a communication channel of choice. Happy Reading!!***

*Dr. Ajit Nair*

~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~

*In This Issue:*

- *Kunjunni Kavithakal*
- *Memoirs by wife f P Keshavadev*
- *Manca Money Matters*
- *Graamathilaavatte*
- *Poojyathinte Prasakthi*
- *News and Events*
- *Just for a jest*
- *Trivia Corner*



**From the President's Desk**

***Welcome to yet another edition of Manca Post!***

***In the last 2 editions of Manca Post, I do believe that this newsletter has been a fine example of a lively, entertaining community channel that the team envisioned to carry forward.***

***I especially thank Dr Ajit Nair for fostering the efforts of the team and producing this newsletter. We hope to hear from each of you as to what you would like to see in this newsletter in each of its editions.***

***I am very happy to be the President of MANCA and we as a team will try our best to make some positive changes for MANCA in the next few years so that MANCA will be known as one of the best Malayalee Associations in this wonderful country!***

***Merry Xmas & Happy New Year***

***Thank you!***

*Tojo Thomas*
~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~

## *കുഞ്ഞുണ്ണിക്കവിതകള്...*



കുഞ്ഞുണ്ണിക്കൊരു മോഹം
എന്നും കുഞ്ഞായിട്ടു രമിക്കാന്
കുഞ്ഞുങ്ങൾക്കു രസിച്ചീടുന്നൊരു
കവിയായിട്ടു മരിക്കാന്

*കുഞ്ഞുണ്ണിക്കവിതകൾക്ക് വിശേഷണം ആവശ്യമില്ല, മുഖവുരയും. എന്താണ് തന്റെ കവിതയെന്നും താനെന്നും അദ്ദേഹം തന്നെ കുറിച്ചിട്ടിരിക്കുന്നു. ജീവിതചിന്തകളെയും തത്വങ്ങളെയും വളരെ ലളിതമായി ചുരുങ്ങിയ വാക്കുകളില് സംവദിക്കാനുള്ള കഴിവാണ്*
*അദ്ദേഹത്തിന്റെ കവിതയുടെ കാമ്പ്.*

*ഓരോ വാക്കും ഓരോ ആകാശമാണെന്ന് എഴുതിയ കവിയുടെ ഓരോ കവിതയും അതിനെ സാധൂകരിക്കുന്നു. ജീവിതം തന്നെ കവിതയാക്കി മാറ്റിയ കുട്ടികളുടെ മാത്രമല്ല മുതിർന്നവരുടെയും പ്രിയപ്പെട്ട കുഞ്ഞുണ്ണിമാഷിന്റെ കവിതകള് വായിക്കാം.*

ഇത്തിരിയേയുള്ളൂ ഞാന്
എനിക്കു പറയാ
നിത്തിരിയേ വിഷയമുള്ളൂ
അതു പറയാ
നിത്തിരിയേ വാക്കും വേണ്ടൂ

ആറു മലയാളിക്കു നൂറു മലയാളം
അര മലയാളിക്കുമൊരു മലയാളം
ഒരു മലയാളിക്കും മലയാളമില്ല

ഇന്ത്യക്കാരില്ലാത്തൊരു രാജ്യമുണ്ടുലകത്തില്
ഇന്ത്യയെന്നൊരു രാജ്യം

ഞാന് പോയേ ജ്ഞാനം വരൂ
ജ്ഞാനം വന്നേ ഞാന് പോകൂ

കുട്ടിക്കു മോഹം മുതിർന്നവനാകുവാന്
കുട്ടിയായ്ത്തീരുവാന് മുതിർന്നവനും
താനായിത്തന്നെയിരിക്കുവാനാർക്കുമൊ
രാഗ്രഹം കാണുന്നില്ലിജ്ജഗത്തില്

---

***Trivia....***

*A honey bee must tap two million flowers to make one pound of honey.*

*A typical American eats 28 pigs in his/her lifetime.*

*Fortune cookies were invented in 1916 by George Jung, a Los Angeles noodle maker.*

*Fried chicken is the most popular meal ordered in sit-down restaurants in the US. The next in popularity are: roast beef, spaghetti, turkey, baked ham, and fried shrimp.*


# *S N Limos*



***Introducing special sedan rates for airport & corporate transportation!***
***Some of our rates are:***
***San Jose to SFO - $69 + 15% gratuity.***
***Cupertino to SFO - $65 + 15% gratuity.***

***Please see chart below for prices excluding gratuity.***
***Please call (408) 513-4346 or email us at info@snlimo.com to book your next trip with us!***

| City\Airport | SJC | SFO | OAK |
|---|---|---|---|
| Cupertino | 45 | 65 | 75 |
| Los Gatos / Monte Sereno | 45 | 68 | 78 |
| Milpitas | 45 | 68 | 68 |
| Mountain View | 45 | 65 | 75 |
| San Jose | 45 | 69 | 79 |
| Saratoga | 45 | 68 | 78 |

***www.snlimo.com***
*(888) 765-4662*



## MANCA MONEY MATTERS (MMM): **Jacob Varghese**

**In this first issue of MMM**, I would like to focus on building credit.

We all know our SSN. It never changes. Similar to the SSN, we have a 3 digit number known as our FICO score which always changes.

FICO Scores is a complex calculation. However the data for the score falls into five categories. The percentages given below are important in determining your FICO score.



Image Source: Home Buying Institute, www.HomeBuyingInstitute.com

For those who have moved to the US recently, and for those who do not have a credit file it is important to start building your scores. How do we achieve that? Once you have a job go to some of the major retail stores and open an account. Be sure to make your payments on time. These days everything can be tracked on-line. Schedule your Outlook Calendar and make all payments on time.

Never try to max out any of your credit cards. Try to keep credit use to less than 30% of your credit limits the lower the better. This will help you get the best possible credit scores. In turn this should help keep you from getting drowned in debt.

You don't need to carry a balance on a credit card. Paying your bills in full each month keeps your financial score at the best. Some may disagree with me on this issue, but to me paying off your debt is better than accumulating debt.

There is very possibility that a regular credit card may be denied to new comers and those with a bad score. In such cases, apply for the secured version. This requires you to deposit money with the card company and you will notice that your credit limit is usually equal to the deposit.
I would request all my credit card companies to make my payment date to a day of the month I am comfortable making payments. Imagine a date like 18th or 19th when you know there is sufficient money in your account. This means you can pay all your bills in one sitting.

---

***Trivia....***

*Rice is the staple food of more than one-half of the world's population*

*Per capita, the Irish eat more chocolate than Americans, Swedes, Danes, French, and Italians.*

How to get a free credit report? (Absolutely free). We all like the word free. Usually there are strings attached to free things. How to monitoring your credit report every quarter?

**AnnualCreditReport.com** is the ONLY authorized source for the free annual credit report that's yours by law.

Go to the above site. Create your user account. Remember your username and passwords. You will need this always. Pull only one report at a time. Imagine you begin with Experian in January, pull TranUnion in April/May and pull Equifax in Sept/Oct. Now come January pull from Experian. Follow the cycle and you are checking your credit absolutely free year round!!!

This is the month of December; this is time to give final touches to your Tax Strategies. Consult your CPA. Keep in mind Tax evasion is a crime; tax avoidance is not.

Finally a Word about Retirement? Are you on the right track? Basically it does not matter how much you make. What matters most is how much you save. Have you heard about Index Universal Life? How long will your retirement income last? When the stock market moves up you make money. However unlike Mutual Funds and Stocks when the Market Falls you never loose a dime with Index Universal Life.

***Jacob Varghese*** *is Sr. Loan Officer with MaxReal in Sunnyvale.* ***(Please see page 6)***

### ഗ്രാമത്തിലാവട്ടെ

വീടു വയ്ക്കുന്നെങ്കിൽ, ഗ്രാമത്തിലാവട്ടെ,
കൂട്ടുകൂടുന്നെങ്കിൽ കുഞ്ഞുങ്ങളോടാട്ടെ,
കൂട്ടുവെട്ടുന്നെങ്കിൽ നിന്നോടുതന്നാട്ടെ,
കൂടിക്കുഴയുന്നേൽ ഭാര്യയോടാവട്ടെ.
വയ്ക്കുന്ന വീടൊരു പുഴയോരത്താവട്ടെ,
മാമുനിയ്ക്കൊക്കും കുടിൽ തന്നെയാവട്ടെ,
ആ കുടിൽ മുറ്റത്ത് കായ്ക്കറിത്തോട്ടവും.
നറുംപാൽ കുടിക്കാൻ തൊഴിത്തിലൊരു പയ്യും
അടുത്തവർഷത്തിൽ അവൾക്കൊരു കുഞ്ഞും
ഗ്രാമമാണേതൊരു സ്വർഗ്ഗത്തിലും ഭേദം.
മതിനിനക്കെല്ലാം സംതൃപ്തനാക നീ.

## *പൂജ്യത്തിന്റെ കണ്ടുപിടിത്തം ..Umesh*

**ചില കാര്യങ്ങളെപ്പറ്റി** എല്ലാവർക്കും അറിയാം. പക്ഷേ മിക്കവർക്കും അവയെപ്പറ്റി കാര്യമായ ഗ്രാഹ്യമൊന്നും ഉണ്ടാവില്ല. പൂജ്യം കണ്ടുപിടിച്ചതു ഭാരതീയരാണെന്ന് ഏതു കൊച്ചുകുട്ടിയ്ക്കുമറിയാം. എന്നാല് എന്താണ് ഈ കണ്ടുപിടിത്തം കൊണ്ട് ഉദ്ദേശിക്കുന്നത്, അല്ലെങ്കില് മുമ്പില്ലാത്ത എന്താണ് ഭാരതീയര് പൂജ്യത്തെ സംബന്ധിച്ച് കണ്ടുപിടിച്ചത്, ഏകദേശം ഏതു കാലത്താണ് ഈ കണ്ടുപിടിത്തം ഉണ്ടായത് തുടങ്ങിയവയെപ്പറ്റി ഭൂരിഭാഗം ആളുകൾക്കും കാര്യമായ വിവരം ഇല്ല എന്നതാണു സത്യം.പൂജ്യത്തിന്റെ കണ്ടുപിടിത്തത്തോടു ബന്ധപ്പെട്ടു കിടക്കുന്ന മറ്റൊന്നാണ് സ്ഥാനീയദശാംശസമ്പ്രദായം *(place-value decimal system). 0* മുതല് *9* വരെയുള്ള പത്ത് അക്കങ്ങള് മാത്രം ഉപയോഗിച്ച് ഏതു സംഖ്യയെയും എഴുതുന്ന വിദ്യ. ഇത് ഭാരതത്തില് പ്രയോഗത്തിലായപ്പോഴേയ്ക്കും ക്രിസ്തുവിനു ശേഷം ആറാം നൂറ്റാണ്ടെങ്കിലും ആയിക്കാണും എന്നതാണ് ഇവിടെ പറയാന് പോകുന്നതിലെ കാതലായ ഒരു കാര്യം. *(*ഇതു പൂർത്തിയാക്കിയത് അറബികളാണ്. അതിനെപ്പറ്റി വഴിയേ.*)*

ആര്യഭടന്റെ കാലത്തിനടുത്താണ് നമ്മള് പൂജ്യവും ഇന്നുപയോഗിക്കുന്ന സ്ഥാനീയദശാംശസമ്പ്രദായവും ഉണ്ടായതെന്നു കരുതാം. അഞ്ചാം നൂറ്റാണ്ടില് പ്രാകൃതഭാഷയില് എഴുതിയ ലോകവിഭാഗ എന്ന ജൈനകൃതിയില് പൂജ്യം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സ്ഥാനീയദശാംശസമ്പ്രദായം ഉണ്ട് എന്നു പറയപ്പെടുന്നു. ഈ പുസ്തകം കണ്ടുകിട്ടിയിട്ടില്ല. ഇതിന്റെ ഒരു സംസ്കൃതപരിഭാഷയാണു കിട്ടിയിട്ടുള്ളത്. അതു പില്ക്കാലത്ത് എഴുതിയതുമാണ്. ഇതിൽ ചിഹ്നങ്ങളല്ല, വാക്കുകളായാണ് ഓരോ അക്കവും പറഞ്ഞിരിക്കുന്നത്.ഏഴാം നൂറ്റാണ്ടിൽ ഒരു സിറിയൻ ബിഷപ്പ് ഒൻപതു ചിഹ്നങ്ങൾ കൊണ്ട് ഏതു സംഖ്യയെയും ഭാരതീയർ എഴുതുന്നതിനെപ്പറ്റി എഴുതിയതാണ് സ്ഥാനീയരീതി ഉപയോഗിച്ചതിന്റെ ആദ്യത്തെ തെളിവ്. പക്ഷേ ഇത് എങ്ങനെയായിരുന്നു എന്നോ, ഇതിൽ പൂജ്യം ഉണ്ടായിരുന്നോ എന്നോ വ്യക്തമല്ല.ആദ്യമായി പൂജ്യം എഴുതിയതിന്റെ തെളിവ് *876*-ലാണ്. ഗ്വാളിയോറിലെ ഒരു ക്ഷേത്രത്തോടനുബന്ധിച്ചുള്ള പൂന്തോട്ടത്തിന്റെ വലിപ്പവും *(187* ഹസ്തം *x 270* ഹസ്തം*)* ഒരു ദിവസം പൂജിക്കേണ്ട പുഷ്പങ്ങളുടെ എണ്ണവും *(50)* പൂജ്യം ഉപയോഗിച്ച് എഴുതിയതു്. ആ കാലമായപ്പോഴേയ്ക്കും പൂജ്യം ഉപയോഗിച്ചുള്ള സ്ഥാനീയദശാംശസമ്പ്രദായം പ്രചാരത്തിലായി. അതിനാല് അതിനും ഏകദേശം *200* കൊല്ലമെങ്കിലും മുമ്പായിരിക്കണം ഈ ആശയം പൂർണ്ണമായി കണ്ടുപിടിച്ചതെന്നാണു വിദഗ്ദ്ധർ അനുമാനിക്കുന്നത്. അതായത് ഏകദേശം ആറാമത്തെയോ ഏഴാമത്തെയോ നൂറ്റാണ്ടിൽ.എന്തായാലും ക്രിസ്തുവിനു പിൻപ് അഞ്ചാം നൂറ്റാണ്ടിനു ശേഷമാണ് പൂജ്യം ഉൾപ്പെടുന്ന സ്ഥാനീയസമ്പ്രദായം ഉണ്ടായത് എന്ന കാര്യത്തിൽ കാര്യമായ സംശയമൊന്നും ഇല്ല.

പൂജ്യത്തെപ്പറ്റി പറയുമ്പോൾ മറ്റൊരു കൂട്ടരെ പരാമർശിക്കാതെ പോകുന്നതു ശരിയല്ല. പരിഷ്കൃതലോകത്തില് നിന്നകന്ന് മദ്ധ്യ-അമേരിക്കയി ല് ഉണ്ടായി പുറംലോകവുമായി ബന്ധമുണ്ടാകാതെ അവിടെത്തന്നെ ഒടുങ്ങിയ മായന്മാരെ. മായന്മാർക്കു ഭ്രാന്തു കാലഗണനത്തിലായിരുന്നു. അഞ്ചാറു തരം കലണ്ടറുകളാണ് അവർ ഉണ്ടാക്കിയത്. സൂര്യനെയും ചന്ദ്രനെയും മാത്രമല്ല, ശുക്രന്റെ സഞ്ചാരത്തെയും അടിസ്ഥാനമാക്കി അവർ കലണ്ടർ ഉണ്ടാക്കി. സ്വാഭാവികമായും കലണ്ടറുകൾ ഉണ്ടാക്കിയ വകയില് അവരുടെ ഗണിതശാസ്ത്രവും വളരെ മികച്ചതായിരുന്നു. പൂജ്യം ഉൾപ്പെടെയുള്ള ഇരുപത് അക്കങ്ങളുള്ള സംഖ്യാസമ്പ്രദായവും *(*എണ്ണാൻ കൈയിലെ മാത്രമല്ല, കാലിലെ വിരലുകളും ഉപയോഗിച്ചുകാണും*!)* അതെഴുതാൻ രണ്ടു രീതികളും, അതിലൊരു രീതിയില് അഞ്ചിന്റെ അടിസ്ഥാനത്തില് ഉള്ള എഴുത്തും അവരുടെ പ്രത്യേകതയാണ്.

മായന്മാരാണോ ഭാരതീയരാണോ പൂജ്യം ആദ്യം ഉപയോഗിച്ചതെന്നതു വ്യക്തമല്ല. പക്ഷേ, ലോകത്തിനു പൂജ്യം സംഭാവന ചെയ്തതു ഭാരതീയരാണെന്നതില് തർക്കമില്ല. ഭാരതീയരില് നിന്നു പൂജ്യം നേടിയതിനു വളരെക്കാലം ശേഷമാണ് മായന്മാരെപ്പറ്റി ലോകം അറിഞ്ഞത്.

**എന്താണ് ഈ ലേഖനത്തിന്റെ പ്രസക്തി?** ന്യായമായ ചോദ്യം. പൂജ്യം ആരു് എന്നു കണ്ടുപിടിച്ചു എന്നതിന് ഇന്ന് എന്തു പ്രാധാന്യമുണ്ട്*?*

പൂജ്യം ഭാരതത്തിലാണു കണ്ടുപിടിച്ചത് എന്നു പറഞ്ഞ് അഭിമാനിക്കാനോ*?* ഗണിതശാസ്ത്രചരിത്രത്തില് നിന്നു യൂറോപ്പില് നിന്നുള്ളതല്ലാത്തവയെല്ലാം തമസ്കരിച്ച് റോമൻ സാമ്രാജ്യത്തിന്റെ തകർച്ചയ്ക്കു ശേഷം പതിനാറാം നൂറ്റാണ്ടു വരെ ലോകത്തില് ഒരു ശാസ്ത്രപുരോഗതിയും നടന്നിട്ടില്ല എന്ന അസംബന്ധം വിളിച്ചുകൂവുന്ന ചില പാശ്ചാത്യ ശാസ്ത്ര ചരിത്ര കാരന്മാരെ എതിർക്കാനോ*?* ഭാരതത്തിലെ *(*അതുപോലെ യൂറോപ്പല്ലാത്ത മറ്റു രാജ്യങ്ങളിലെയും*)* പഴയ ശാസ്ത്രഗ്രന്ഥങ്ങൾ തപ്പിയെടുത്ത് വിശദീകരണങ്ങളോടെ പ്രസിദ്ധീകരിക്കേണ്ടതിന്റെ ആവശ്യം ആളുകളെ മനസ്സിലാക്കിക്കാനോ*?* **(തുടരും...)**

Source:
http://malayalam.usvishakh.net/blog/archives/320



## കേശവദേവ്........

**പി കേശവദേവിനെ** അറിയാന് മണ്ണിന്റെ മണമുള്ള അദ്ദേഹത്തിന്റെ കൃതികള് തന്നെ ധാരാളം. എന്നാല് കേശവദേവ് എന്ന മനുഷ്യനെ, കാമുകനെ, ഭര്ത്താവിനെ അറിയാന് പ്രിയപത്നി സീതാലക്ഷ്മി ദേവിന്റെ ഈ ഓര്മക്കുറിപ്പുകളിലൂടെ കഴിയും. *ഓര്മകളിലൂടെ കേശവദേവിന്റെ അടുത്ത് ചേര്ന്നിരിക്കുകയാണ് ഞാന്. അദ്ദേഹമുണ്ടായിരുന്നെങ്കിലെന്ന് കൊതിച്ചുപോവുകയാണ്. വെറുതേ എന്ന് അറിയാമെങ്കിലും.* അത്രയ്ക്ക് തീഷ്ണമായ ഒരു ഭാര്യാ-ഭര്തൃ ബന്ധത്തിന്റെ നേരറിവുകളാണ് ഈ ഓര്മക്കുറിപ്പുകള് നല്കുന്നത്.

ജീവിതത്തിലെ ഏറ്റവും പ്രയാസഘട്ടങ്ങള് ചെറുപ്രായത്തിലേ നേരിടേണ്ടി വന്നപ്പോഴും തളരാതെ പിടിച്ചുനിര്ത്തിയത് ആ ഓര്മകളും ദേവ് തന്ന ധൈര്യവുമാണെന്ന് അവര് ഓര്ക്കുന്നു. ഒപ്പം ധാരാളം അപൂര്വചിത്രങ്ങളും.

ഒരിക്കല് സിനിമ-പത്രക്കാര് അങ്ങനെ നാലഞ്ചു പേരെത്തി. എന്നോടവര് പറഞ്ഞു : *സീതേ, മുറിയില് നിന്ന് കുറച്ച് നേരത്തേക്ക് ഒന്നു മാറിത്തരണം. എന്തിനാ?* ഞാന് കേട്ടു.
*ദേവേട്ടനോട് കുറച്ചു കാര്യങ്ങള് ചോദിക്കാനുണ്ട്.*

*പെട്ടെന്ന് ചോദിച്ചിട്ട് മുറിയില് നിന്നിറങ്ങണം. അല്ലെങ്കില് അദ്ദേഹം എന്നെ വിളിച്ചന്വേഷിക്കും.* എല്ലാം അറിയുന്നവരാണ്. ഞാന് കാര്യമാണ് പറഞ്ഞതെങ്കിലും അവര്ക്കത് കേട്ടപ്പോള്  തമാശയായി തോന്നി. പൊട്ടിച്ചിരിയോടെ അവര് രണ്ട് വാതിലുകളും ചേര്ത്തടച്ചു.

എന്റെ അനുജത്തി ഓമന അന്ന് വീട്ടിലുണ്ടായിരുന്നു. ഒരു വാതില്ക്കല് ഓമനയും മറ്റൊരു വാതില്ക്കല് ഞാനും ചെവി ചേര്ത്തു പിടിച്ചു നിന്നു. മുറിയിലുള്ള പത്രാധിപരുടെ ചോദ്യം കേട്ടു. *ചേട്ടാ....ചേട്ടന്റെ കുടുംബസുഖം എങ്ങനെ പോകുന്നു?* ധിക്കാരിയും അഹങ്കാരിയുമായ എന്റെ ദേവ് ശേഷിയില്ലാത്ത കൈകള് പൊക്കി പറയുന്നു: *എടാ, എന്റെ സീത കാരണം ഇന്നും ഞാന് ജീവിക്കുന്നു.* വീണ്ടും എന്തൊക്കെയോ ചോദ്യങ്ങള്. അതിനൊക്കെ ദേവിന്റെ പൊള്ളിക്കുന്ന മറുപടി.അടുത്തുള്ളവരുടെ ചിരി. മാലപ്പടക്കം പോലെ തുടര്ന്നു. അതിനുള്ളില് ചോദ്യോത്തരങ്ങള് സ്പഷ്ടമായി കേള്ക്കാന് കഴിഞ്ഞില്ല. കതക് തുറന്നിറങ്ങിവന്ന പത്രക്കാരോട് ഞാന് ചോദിച്ചു: *എഴുതാന് കണക്കിന് വല്ലതും കിട്ടിയോ?. ഇല്ലാതെ വരുമോ? ഞങ്ങള് വന്നത് ദേവേട്ടനടുത്താണ്? ഇവിടെയെത്തിയാല് ഇടിവെട്ടുന്ന വാര്ത്തകളുമായിട്ടേ മടങ്ങാനൊക്കൂ..* പുറത്തേക്ക് നടക്കുമ്പോള് അവര് പറഞ്ഞുകൊണ്ട് നടന്നു: *ഞങ്ങള്ക്കും അവസാനം ഇതുപോലൊരു ഭാഗ്യം കിട്ടണേ....* ഞാന് മുറിയിലെത്തിയപ്പോള് അദ്ദേഹം പറഞ്ഞു : *സീതേ, ഈ മുറിയില് ആരു വന്നാലും സീത പുറത്തിറങ്ങരുത്.* എനിക്കു ചിരി വന്നു : *ഇല്ല*, ഒരു സാഹിത്യകാരനുമില്ലാത്ത ചങ്കൂറ്റം എന്റെ ദേവിനുണ്ടായിരുന്നു.

പൗരുഷത്തിന്റെ പ്രതീകമായിരുന്നു എന്റെ ദേവ്. എന്തും കൂസാത്ത തന്റേടം. ദേവ് അന്തരിച്ച് ഒരു മാസം കഴിഞ്ഞ് എനിക്കൊരു കത്തു വന്നു.
പ്രിയപ്പെട്ട സീതാലക്ഷ്മി ദേവ്,
എനിക്ക് നേരിട്ട് പരിചയമില്ല. എങ്കിലും ഞാന് എഴുതുകയാണ്, ഞാന് കോളേജില് പഠിച്ചുകൊണ്ടിരിക്കുമ്പോള് കോളേജ് വാര്ഷികത്തിന് കേശവദേവ് സാര് വന്നിരുന്നു. അദ്ദേഹം സംസാരിച്ച് നില്ക്കെ എന്തോ പറഞ്ഞതിന് ഞങ്ങള് കുറെ പേര് കൂവി. അതിന് അദ്ദേഹത്തിന്റെ മറുപടി മൈക്കിലൂടെയുള്ള തിരിച്ച് കൂവലാണ്. അതോടെ ഞങ്ങളുടെ കൂവല് നിന്നു. അദ്ദേഹം കൂവല് നിര്ത്തിയിട്ട് വെടിപൊട്ടുന്ന ഒച്ചയില് പറഞ്ഞു;
*15നും 20നും ഇടയ്ക്ക് പ്രായമുള്ളവരല്ലേ നിങ്ങളൊക്കെ? നിന്റെയൊക്കെ പ്രായമുള്ള പെണ്ണാണ് എന്റെ ഭാര്യ.*

അദ്ദേഹം അന്നു പറഞ്ഞ വാക്കുകള് ഞങ്ങളുടെ മനസ്സില് ചിന്തിക്കാന് മാത്രം ഒന്നും പ്രത്യേകതയുണ്ടാക്കിയിരുന്നില്ല. പക്ഷേ, അദ്ദേഹം അന്തരിച്ച സന്ദര്ഭത്തില് ഇന്ന് വര്ഷങ്ങള് കഴിഞ്ഞ് ആ സംഭവം ഓര്ത്തുനോക്കുമ്പോള് വേദനയുണ്ട്. ആ വലിയ മനുഷ്യന്റെ ചടുലങ്ങളായ ചലനങ്ങളില് നിറഞ്ഞുനിന്ന വിശ്വാസം അത്ഭുതപ്പെടുത്തുന്നു. ഇന്ന് ഞാന് ഒരു വലിയ ഉദ്യോഗസ്ഥനാണ്. ഈ കത്തിന് മറുപടി എഴുതാന് ശ്രമിക്കുമല്ലോ!. അന്ന് കേശവദേവ് കോളേജില് നിന്ന് മടങ്ങിയെത്തിയ സമയം ഈ സംഭവം എന്നോട് പറഞ്ഞിരുന്നു.
അന്ന് അദ്ദേഹത്തോട് ഞാന് ചോദിച്ചു: *നാണമില്ലേ? പി കേശവദേവിനോ നാണം?* അതായിരുന്നു അദ്ദേഹത്തിന്റെ മറുപടി.

***Memoirs by Seethalakshmi Dev, wife of P Kesavadev.***
***Publisher: Poorna Publications, Kozhikode***

----------------------------------------------------------------

***Trivia..***

*Nabisco's "Oreo's" are the world's best-selling brand of cookie at a rate of 6 billion sold each year. The first Oreo was sold in 1912.*

*Potato chips are American's favorite snack food. They are devoured at a rate of 1.2 billion pounds a year.*

*Potato chips were invented in Saratoga Springs in 1853 by chef George Crum.  They were a mocking response to a patron who complained that his French fries were too thick.*

*Research show that only 43% of homemade dinners served in the US include vegetables.*




MORTGAGES



RATES ARE AT HISTORIC LOWS!
PLEASE CALL AND GET THE BEST RATES

JACOB VARGHESE

MAXREAL

408-247-3031

DRE 01790347/NMLS 327086

CA INS.0D33945

DO YOU HAVE MORTGAGE PROTECTION INSURANCE?

WWW.SWANLOANS.COM

WWW.BESTCAMORTGAGES.COM

## News & Events....

Mrs. Devakikutty Nambeesan, 87 years old, (M.K. Shandas's mother ) passed away in Kerala on Friday, 7-23-2010. She will be missed by her seven children, three siblings, and other family members, including ten grandchildren, and five great-grandchildren. M.K. Shandas is one the first Life Members of MANCA, and has been its President and Chairman.

Mariamma Antony Thekkekuttu, mother of Thampi Antony passed away on November 14th at 4pm. The funeral was held at Ponkunnam Holy Family Church on 11/15/10(Monday) at 4pm. Prema Thekkek and Thampi Antony Thekkek are senior Life members of Manca and very strong supporters of Manca held events.

P. A. Alex Pallithekkethil (69), Father of Life member Reenu Cherian, passed away on 11/18/10(Thursday) at 4:15pm at the Regional Medical Center in San Jose. Reenu is also the current Secretary of Manca. Please remember Reenu Cherian, Sunil Cherian and their family in your prayers during this difficult time.

### *QUOTES*

- ***God has given you one face, don't make yourself another.***
- ***The best remedy for a short temper- a long walk***

### *Just for a Jest*

**When sign makers go on strike, is anything written on their signs?**
**Where do forest rangers go to "get away from it all"?**
**Why isn't there mouse-flavoured cat food?**
**Why do they report power outages on TV?**
**What's another word for thesaurus?**
**If a parsley farmer is sued, can they garnish his wages?**
**Would a fly without wings be called a walk?**



***We would love to hear from you on what you would like to include in the newsletter.***

***For contributions, please send us your articles, poems, pictures, etc within the second week of the last month of any quarter so we can include it in the forthcoming publication. The publishers will reserve the right to publish any article or work. To reach us, please email us at: mancapost@mancaonline.org***

***Chief Editor: Dr Ajit Nair***

***Editorial Board Members- Tojo Thomas, Shubha Chawla, Reenu Cherian, Manoj Empranthiri***

# CURRY IN A HURRY

INDIAN CUISINE

46129 Warmsprings Blvd, Fremont – 94560
Ph : 510-656-9629
Open Mon – Sat from 11 AM – 3 PM & 5 PM – 9 PM

LUNCH
BUFFET
EVERYDAY

**CATERING SERVICES & BANQUET HALL AVAILABLE**
**510-656-9629**
**OR**
**510-943-8352**

**WEEK-END SPECIAL : SOUTH INDIAN BUFFET LUNCH !!**

**CALL – 510-656-9671 OR 510-656-9629**

**COCONUT HILL INDIAN GROCERIES**
**46129 WARMSPRINGS BLVD, FREMONT - 94560**

**OPEN 7 DAYS A WEEK**

www.coconuthill.com